**പതിമൂന്നാം കേരളനിയമസഭ**
**ആറാം സമ്മേളനം**

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നം.2444 18.12.2012-ൽ മറുപടിയ്ക്ക്

# അനധികൃത ക്വാറികളുടെ പ്രവർത്തനം

| ചോദ്യം | ഉത്തരം |
| --- | --- |
| ശ്രീ. ഇ. കെ. വിജയൻ | ശ്രീ. പി. കെ. കുഞ്ഞാലിക്കുട്ടി (വ്യവസായവും വിവരസാങ്കേതികവും വകുപ്പ് മന്ത്രി) |
| (എ) മലയോര മേഖല കേന്ദ്രീകരിച്ച് അനധികൃത ക്വാറികൾ പ്രവർത്തിക്കുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ എന്തൊക്കെ നടപടികളാണ് കൈക്കൊണ്ടിട്ടുള്ളതെന്ന് വ്യക്തമാക്കുമോ; | (എ) ഉണ്ട്. അനധികൃത ഖനനം ശ്രദ്ധയിൽപ്പെടുന്ന അവസരത്തിൽ തന്നെ സ്ഥല പരിശോധന നടത്തുകയും കുറ്റക്കാർക്കെതിരെ കർശന നടപടി സ്വീകരിക്കുന്നതോടൊപ്പം തന്നെ, അനധികൃത ഖനനത്തിന് 1967-ലെ KMMCR അനുസരിച്ചുള്ള പിഴ ഈടാക്കുകയും ചെയ്യുന്നുണ്ട്. |
| (ബി) ക്വാറികൾക്ക് ലൈസൻസ് നൽകുന്നതിനുള്ള മാനദണ്ഡങ്ങൾ എന്തെല്ലാമാണെന്ന് വ്യക്തമാക്കുമോ; | (ബി) 1967-ലെ കേരളാ മൈനർ മിനറൽ ചട്ടങ്ങൾ പ്രകാരമാണ് ക്വാറികൾക്ക് ലീസ്/പെർമിറ്റ് നൽകി വരുന്നത്. കൂടാതെ ചെറുകിട ധാതുക്കളുടെ ഖനനം സംബന്ധിച്ച്, ബഹുമാനപ്പെട്ട സുപ്രീംകോടതിയുടെ 27.02.12-ലെ ഉത്തരവിലെ വ്യവസ്ഥകളും പാലിക്കേണ്ടതുണ്ട്. |
| (സി) നാദാപുരം നിയോജകമണ്ഡലത്തിൽ എത്ര ക്വാറികൾക്ക് പ്രവർത്തനാനുമതി നൽകിയിട്ടുണ്ട്; പഞ്ചായത്ത് തിരിച്ചുള്ള കണക്ക് ലഭ്യമാക്കുമോ? | (സി) 29 ക്വാറികൾക്ക് ഖനനാനുമതി നൽകിയിട്ടുണ്ടെങ്കിലും ഇപ്പോൾ 14 ക്വാറി മാത്രമേ പ്രവർത്തിക്കുന്നുള്ളൂ. |

| പഞ്ചായത്ത് | | എണ്ണം |
| --- | --- | --- |
| കാവിലുംപാറ | - | 5 |
| താനൂർ | - | 2 |
| കായക്കൊടി | - | 3 |
| മരുതോൻകര | - | 2 |
| ചെക്യാട് | - | 2 |

സെക്ഷൻ ഓഫീസർ